# ദിക്കറിയാത്തവർ

'മായേ നി മിരിയേ, ഷിമിലെ ദിരാഹേ

ചമ്പാ കിതിനി കു ദൂർ

ഷിമിലീ നി വസ്ന കാസോലിനി വസ്ന

ചമ്പേ ജാനാ സരൂർ...'

ബസ് സ്റ്റാൻഡിലെ ബഹളമയങ്ങൾക്കിടയിൽ നാടോടി ഗാനത്തിന്റെ താളമുള്ള വരികൾ നേർത്ത് പോകുന്നുണ്ടായിരുന്നു. ആൾക്കൂട്ടത്തിലെ ഒച്ചപ്പാടുകളിലൊന്നായി മാത്രം അതൊരു മൂലയിലൊതുങ്ങി. നേരം ചൂട് പിടിച്ചു കൊണ്ടിരുന്നു. ഇനിയൊരു പാട്ട് പാടാൻ ആയുസ്സില്ലാത്ത വിധം ഗോവിന്ദിന്റെ തൊണ്ട വറ്റി വരണ്ടിരുന്നു. കാലപ്പഴക്കം വന്ന് നരച്ച ഹാർമോണിയം ഒതുക്കി വെച്ച്, മുന്നിൽ വിരിച്ച് വെച്ചിരുന്ന മുണ്ടിലേക്ക് ഒരു വട്ടം കൂടി നോക്കി. ചിതറികിടക്കുന്ന ഏതാനും നാണയത്തുട്ടുകൾ അയാളെ സഹതാപത്തോടെ നോക്കുന്ന പോലെ തോന്നി. കുറച്ച് നേരം കൂടി പാടിയാൽ വയറ് നിറക്കാനെന്തെങ്കിലും ആവും. പക്ഷേ. വരണ്ടുണങ്ങിയ തൊണ്ടയിലൂടെ  ഇനിയൊരക്ഷരം പുറത്ത് വരില്ലെന്നയാൾകുറപ്പായി.

തോൾ സഞ്ചിയിൽ കയ്യിട്ട്  പകുതിയിലേറെയും തീർന്ന് പോയ ഒരു വെള്ളക്കുപ്പി വലിച്ചെടുത്ത് വായിലേക്ക് കമിഴ്ത്തി. വെള്ളം തീർന്നിട്ടും രണ്ടു മൂന്ന് പ്രാവിശ്യം ആ കുപ്പി തന്റെ വായിലിട്ടിളക്കി. ഒന്നോ രണ്ടോ തുള്ളി കൂടുതലായി കിട്ടിക്കാണണം.

നാണയത്തുട്ടുകൾ വാരിയെടുത്ത് വിരിപ്പും സാധനങ്ങളുമെല്ലാം തോൾ സഞ്ചിയിൽ തിരുകി പോകാനുള്ള പുറപ്പാടിലാണ്. തനിക്ക് പോകാനുള്ള  ഒരു ബസ്സ് സ്റ്റാൻഡിലേക്ക് വരുന്നുണ്ട്. യാത്രക്കാരെല്ലാം ഇറങ്ങിയിട്ട് വേണം കേറാൻ. അവസാന യാത്രക്കാരനും ഇറങ്ങുന്നത് വരെ അയാൾ പിൻ വാതിലിനരുകിൽ കാത്തുനിന്നു.

'ഗോവിന്ദ്... '

മുൻവാതിലിൽ നിന്നും ചാടിയിറങ്ങിയ കനിയാണ് പിന്നിൽ നിന്നും വിളിച്ചത്.

'ഇന്നെന്താ മാഷേ കോളൊന്നും കിട്ടീലേ ? ഒരു ഉഷാറില്ലല്ലോ മുഖത്ത് '

അവളുടെ മുഖത്ത് നല്ല തെളിച്ചം! ചില ദിവസങ്ങളിൽ അവർ പരസ്പരം കണ്ടു മുട്ടാറുണ്ട്. അവളും എവിടെയെങ്കിലും പാടി വരുന്ന വഴിയായിരിക്കും.

'ഇന്ന് വലിയ മെച്ചമൊന്നും ഇല്ലെടി'

ഗോവിന്ദ് മുഖത്തൊരു ചിരി വരുത്താൻ ശ്രമിച്ച്  പറഞ്ഞൊപ്പിച്ചു.

'ന്നിട്ട്, പോകാണോ? ഭക്ഷണം കഴിക്കണ്ടേ?'

രണ്ടുപേരും കണ്ടുമുട്ടുന്ന ദിവസങ്ങളിൽ  ഒരുമിച്ച് ഭക്ഷണം കഴിച്ചേ വണ്ടി കേറാറുള്ളൂ.വൈകുന്നേരമാണെങ്കിൽ ചായയും,ഉച്ചക്കാണെങ്കിൽ ഊണും. കാശ് ഗോവിന്ദ് തന്നെ കൊടുക്കും. അതവന് നിർബന്ധമാണ്.

അവൻ നിന്ന് പരുങ്ങി. ഒരാൾക്ക് ഊണ് കഴിക്കാനുള്ള കാശ് പോലും അവന്റെ കയ്യിൽ തികച്ചില്ല.

'ഇന്ന് ഒരു ദിവസം കാശ് ഞാൻ കൊടുക്കാം . അത് വിചാരിച്ചിട്ടൊന്നും വിഷമിക്കണ്ട. നീ വാ'

'അത്...    എനിക്ക് വെശപ്പില്ല. നീ കഴിച്ചോ'

എന്തോ ഒരു അപകർഷതാബോധം അവനെ പിന്തിരിപ്പിച്ചു കൊണ്ടിരുന്നു.

'ഇങ്ങട്ട് വാ മാഷേ'

കനി ഗോവിന്ദിന്റെ കൈ പിടിച്ചു വലിച്ചു.

'അതെയ്,എന്നും നീ തന്നെയെല്ലേ രണ്ടാൾടേം  കാശ് കൊടുക്കാറ്?ഒരു ദിവസമെങ്കിലും എനിക്ക് കൊടുക്കണം'

ഒരു തോളിൽ ഹാർമോണിയവും മറു തോളിൽ തുണി സഞ്ചിയും തൂക്കിപ്പിടിച്ച് അവർ രണ്ടു പേരും അടുത്തുള്ള തട്ടു കടയിലേക്ക് നടന്നു. അവളെന്തൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു. അതൊന്നും അയാളുടെ ശ്രദ്ധയിൽ പെടുന്നില്ല. അല്ലേൽ  അവളുടെ സംസാരം അയാൾക്ക് ഭയങ്കര ഇഷ്ടമാണ്. എത്ര നേരവും അയാൾ അവൾക്ക് ചെവി കൊടുക്കും.

ഹോട്ടലിൽ കയറി കനി തന്നെയാണ് രണ്ട് ഊണിന് ഓർഡർ കൊടുത്തത്. എല്ലാ ദിവസവും ഗോവിന്ദാണ് ഓർഡർ കൊടുക്കാറ്.

എനിക്ക് ഒരൂണ്, നിനക്ക് എന്താ വേണ്ടതെന്നു പറഞ്ഞോ എന്ന് പറയും.

'ഹലോ മാഷേ'

കാടു കയറിയ ചിന്താ ലോകത്ത് നിന്നും ഗോവിന്ദ് ഞെട്ടിയുണർന്നു.

'എന്താണതിനുമാത്രം ചിന്തിക്കാൻ?'

'ഒന്നൂല്ല, വെറുതെ എന്തൊക്കെയോ ചിന്തിച്ചു കൂട്ടുകയായിരുന്നു'

മുന്നിൽ വാഴയിലയിൽ വിളമ്പിയ ചോറും സാമ്പാറും കുഴച്ചു തിന്നുന്ന ഗോവിന്ദിനെ കനി കുറച്ച് നേരം നോക്കി നിന്നു.

വോളിയം കൂട്ടി വെച്ച ടെലിവിഷൻ ആർക്കോ വേണ്ടി ഒച്ച വെക്കുന്നുണ്ട്. അപ്പോഴാണ് കനി ആ ഫ്ലാഷ് ന്യൂസ് ശ്രദ്ധിച്ചത്.

'മതിയായ രേഖകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ മുൻ ഇന്ത്യൻ സൈനികൻ പൗരത്ത്വപട്ടികയിൽ നിന്നും പുറത്ത് '

'നമ്മളൊക്കെ ഈ രാജ്യം വിട്ട് പോകേണ്ടി വരോ ഗോവിന്ദ്? '

'ഉം. രേഖകളില്ലാത്തവർക്ക് ഈ ഭൂമിയിൽ അവകാശമില്ല'

'അതിനി ഈ ഭൂമിക്ക് വേണ്ടി മരിക്കാൻ പോയവരായാലും'

ഗോവിന്ദ് ചോറിൽ കിടന്ന കറിവേപ്പിലഎടുത്ത് പുറത്തേക്കിട്ടു.

‘ഇവിടെ ജനിച്ചു വളർന്നവരല്ലേ നമ്മൾ? ‘

‘അതിന്? നിന്റെ കയ്യിൽ രേഖയുണ്ടോ? ‘

കനി തല കുനിച്ചു.

‘അതിവിടെ ഭരിക്കുന്നോൽക്കും അറിയാഞ്ഞിട്ടൊന്നുമല്ല, നമ്മളൊന്നും മനുഷ്യരുടെ കൂട്ടത്തിൽ എണ്ണപ്പെടില്ല. കാലികൾക്ക് വരെ രേഖയുണ്ട് ഈ നാട്ടിൽ‘

ഗോവിന്ദ് വാഴയിലയിൽ കിടന്നിരുന്ന അവസാന വറ്റും പെറുക്കിയെടുത്ത് വിരൽ നക്കിത്തുടച്ച് എഴുന്നേറ്റു.

നീണ്ട് പരന്നൊഴുകുന്ന ചാലിയാർ പുഴക്ക് കുറുകെയുള്ള, വിശാലമായ പാലത്തിലെ ഫൂട്ട്പാത്തിന്റെ ഓരം പറ്റി വലിച്ചു കെട്ടിയ കൂരകളിലാണ് കുറച്ച് ദിവസമായി കനിയും ഗോവിന്ദുമടങ്ങുന്ന ചെറു സംഘം രാവുകൾ കഴിച്ചു കൂട്ടുന്നത്. ഗോവിന്ദ് ഒറ്റക്കാണ്. കനിയുടെ കൂടെ അമ്മയുണ്ട്.

അമ്മയെ ഗോവിന്ദിനോർമ്മയില്ല. ഉത്തരേന്ത്യയിലെവിടെയോ ആണ് തന്നെ പെറ്റിട്ടതെന്നറിയാം. രാജ്യത്തിന്റെ നാണം മറക്കാൻ രാജ്യസേവകർ കെട്ടിയ്യുണ്ടാക്കിയ ഷീറ്റ് മറക്കുള്ളിലെ മാലിന്യങ്ങൾക്കിടയിലെ ദുർഗന്ധങ്ങളായി ജീവിതം കഴിച്ചു കൂട്ടേണ്ടി വന്നവർ. സ്വന്തമെന്ന് പറയാൻ ഒന്നുമില്ലാത്തവർ. ജീവന്റെ മിടിപ്പ് നില നിർത്താനുള്ള നുള്ള ഓട്ടമാണവർക്ക് ജീവിതം. അന്നം തേടിയുള്ള അലച്ചിലിനിടയിലെവിടെയോ വെച്ച് അമ്മ യാത്രയവസാനിപ്പിച്ചു വെന്ന് മാത്രമാണ് അമ്മയെക്കുറിച്ച് അച്ഛൻ പറഞ്ഞ വാക്കുകളിൽ നിന്നും മനസ്സിലായത്. പിന്നീട് ഒരു കയ്യിൽ ഹാർമോണിയവും മറു കയ്യിൽ ഗോവിന്ദിനെയും കൂട്ടി കേരളത്തിലെത്തി നിന്ന ജീവിതം ഒരു രാത്രി കൊണ്ടാണ് മാറി മറിഞ്ഞത്.

ഗോവിന്ദ് ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത ആ രാത്രി, കൂരയിൽ ഒറ്റക്ക് കിടക്കുമ്പോഴൊക്കെയും കുത്തി നോവിക്കുന്ന ഓർമ്മകളായി അവന് കൂട്ട് വന്ന് പേടിപ്പിച്ചുകൊണ്ടിരുന്നു.

അന്നൊരു സാധാരണ ദിവസം, അച്ഛൻ തൊണ്ടപൊട്ടിച്ച് പാടിക്കിട്ടിയ കാശിന് വിശപ്പകറ്റി കിടന്നുറങ്ങിയത് നഗരത്തിനൊരു മൂലയിൽ നരച്ചു കത്തുന്ന തെരുവ് വിളക്കിന്നടിയിലായിരുന്നു. വിജനതയുടെ മൗനത്തെ കീറി മുറിച്ചു പാഞ്ഞുവന്നൊരു കാറ്,നിരന്നു കിടന്നുറങ്ങുന്ന അച്ഛനെയും, മറ്റു രണ്ട് കൂട്ടാളികളെയും അനന്തമായ നിദ്രയിലേക്ക് തള്ളിവിട്ട്, പുക തുപ്പി കടന്നു കളഞ്ഞു.തലനാരിഴക്ക് രക്ഷപ്പെട്ട ഗോവിന്ദ് കണ്ണ് തുറന്നപ്പോഴേക്കും എല്ലാം നഷ്ടമായിരുന്നു. പിറ്റേന്നത്തെ പത്രത്തിന്റെ അരികിലൊരു മൂലയിൽ, കാട്ടു പന്നിയെ വെടിവെച്ചു കൊന്നതിന്റെ വലിയൊരു വിവരണ കോളത്തിനു താഴെ ചെറിയൊരു പെട്ടിക്കോളത്തിൽ മൂന്ന് അജ്ഞാതർ മരിച്ചൊതുങ്ങി. പിന്നീടാണ്

അച്ഛൻ ശിഷ്ടം വെച്ച ഹാർമോണിയവും അച്ഛന്റെ തന്നെ കുറച്ച് പാട്ടുകളുമായി ജീവിക്കാനിറങ്ങിയത്.

ഇരുട്ട് കനത്തിട്ടും ഉറക്കം വരാതെ ഓർമ്മകളിൽ മേഞ്ഞു നടക്കുന്നതിനിടക്കാണ് കൂരക്ക് പുറത്ത് ചില ഒച്ചപ്പാടുകൾ.

ഗോവിന്ദ് കൂരയിൽ നിന്നും പുറത്തിറങ്ങി.

‘നിങ്ങളിവിടെ തമ്പടിച്ചത് കുറച്ച് ദിവസങ്ങളായി പൊതു ജനങ്ങക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ട്, എത്രയും പെട്ടെന്ന് സ്ഥലം വിടണം‘

ഗവണ്മെന്റ് അധികൃതരാണ്.

അപ്പുറത്ത് കനി ഉറക്കിൽ നിന്നെണീറ്റതിന്റെ ആലസ്യത്തിൽ കഥയറിയാതെ ചുറ്റും നോക്കുന്നുണ്ട്.

'സാറെ ഞങ്ങൾ നാളെ പൊയ്ക്കോളാം ഇതിപ്പോ ഈ സമയത്ത്...'

'അതൊന്നും ഞങ്ങൾക്കറിയണ്ട.നാളെ വെളുക്കും മുമ്പ് സ്ഥലം വിട്ടോണം. തട്ടിപ്പും പിടിച്ചു പറിയും കൊണ്ട് ഇറങ്ങിക്കോളും, മനുഷ്യരെ മെനക്കെടുത്തനായിട്ട് '

അയാൾ പിന്നെയും എന്തൊക്കെയോ പുലമ്പുന്നുണ്ട്.

അല്ലെങ്കിലും ജീർണ്ണിച്ച സമൂഹത്തിന്റെ വിഴുപ്പ് പേറാൻ മാത്രം വിധിക്കപ്പെട്ടവരാണ് ഈ സംഘം.

ഹാർമമോണിയവും തൂക്കി കനിയും ഗോവിന്ദും അറ്റമില്ലാത്ത ഇരുട്ടിലൂടെ നടന്നു നീങ്ങി.

'ഇനി എങ്ങോട്ട് പോകും ഗോവിന്ദ്? '

' എങ്ങോട്ടെങ്കിലും...,ഭൂമിയിങ്ങനെ വിശാല മായിപരന്ന് കിടക്കല്ലേ കനീ '

നിലാവ് പോലും കൂട്ടിനില്ലാത്ത രാത്രിയുടെ കട്ട കുത്തിയ ഇരുട്ടിലേക്ക് കണ്ണയച്ച് ഗോവിന്ദ് ഒരു നെടുനിശ്വാസമയച്ചു.

അവളൊന്ന് ചിരിച്ചു. അർത്ഥമില്ലാതെ....